**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3616** **27-06-2024 - ൽ മറുപടിയ്ക്ക്**

**അധ്യാപകർക്ക് ഗവേഷണത്തിനുള്ള സാമ്പത്തിക പിന്തുണ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | അധ്യാപകർക്കിടയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ കണ്ടെത്തലുകൾ നടത്തുന്നതിനും നൽകുന്ന സീഡ് മണി എല്ലാ വിഭാഗം കോളേജ് അധ്യാപകർക്കും നൽകുന്നുണ്ടോ;വ്യക്തമാക്കാമോ; | (എ) | എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് & ഡെവലപ്മെന്റ് (CERD) ന്റെ ഫണ്ടിൽ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് റിസർച്ച് സീഡ് മണി അനുവദിക്കുന്നുണ്ട്. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ എല്ലാ വിഭാഗം അധ്യാപകർക്കും ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ കണ്ടെത്തലുകൾ നടത്തുന്നതിനും സർവകലാശാല നൽകുന്ന റിസർച്ച് സീഡ് മണി ലഭിക്കുവാനായി അപേക്ഷിക്കാവുന്നതാണ്.<br><br>കാലിക്കട്ട് സർവകലാശാലയിൽ സർവകലാശാല പഠന വകുപ്പുകളിലെ അധ്യാപകർക്ക് മാത്രമാണ് ഗവേഷക പദ്ധതികൾക്കായി 2 വർഷത്തേയ്ക്ക് സീഡ് മണി പ്രോജക്ട് അനുവദിക്കുന്നത്.<br><br>കുസാറ്റിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച സ്ഥിര അദ്ധ്യാപകർക്കാണ് സീഡ് മണി നൽകി വരുന്നത്. |
| (ബി) | സർവ്വകലാശാല അഫിലിയേറ്റഡ് കോളജുകളിലെ സ്ഥിരം അധ്യാപകർക്ക് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് നൽകുന്ന സാമ്പത്തിക പിന്തുണ എപ്രകാരമാണ് എന്ന് വിശദമാക്കാമോ; | (ബി) | സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ സ്ഥിരം അധ്യാപകർക്ക് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് താഴെ പറയുന്ന രണ്ട് ഗവേഷണ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കുന്നുണ്ട്.<br><br>1. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് :- നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗവേഷണ പദ്ധതിയാണിത്. ആദ്യവർഷം ഓരോ മാസവും 50000 രൂപ വീതവും, |

| | | | |
|---|---|---|---|
| | | | രണ്ടാം വർഷം ഒരു ലക്ഷം രൂപ വീതവും 500 ഫെലോഷിപ്പുകളാണ് ആകെ പ്രഖ്യാപിച്ചിട്ടുള്ളത്.<br><br>2. കൈരളി ഗവേഷണ പുരസ്കാരം : കേരളത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്ഥിരം അദ്ധ്യാപകർക്കായുള്ളതാണ്. കൈരളി ഗവേഷണ പുരസ്കാരം. നൂതനമായതും, വൈവിധ്യമാർന്നതുമായ ഗവേഷണ പ്രോജക്ടുകളുടെയും ഗവേഷണ സംഭാവനകളുടെ അടിസ്ഥാനത്തിൽ അപേക്ഷകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 5 പേർക്ക് രണ്ടു വർഷകാലയളവിനുള്ളിൽ ഗവേഷണം പൂർത്തികരീക്കുന്നതിനുള്ള പ്രോജക്റ്റ് ഗ്രാന്റ് ആയി 25 ലക്ഷത്തോളം രൂപ വീതമാണ് ലഭിക്കുക.<br><br>എ.പി. ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ അധ്യാപകർക്ക് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ മുഖേന സർവകലാശാല സാമ്പത്തിക പിന്തുണ നൽകുന്നുണ്ട്.<br><br>1. റിസർച്ച് സീഡ് മണി<br><br>2. വർക്ക് ഷോപ്പുകളും സെമിനാറും നടത്താനുള്ള സാമ്പത്തിക സഹായം<br><br>3. അധ്യാപകർക്കു അവരുടെ റിസർച്ച് പേപ്പറുകൾ ഇന്ത്യക്കകത്തും പുറത്തും കോൺഫറൻസുകളിൽ അവതരിപ്പിക്കാനുള്ള സാമ്പത്തികസഹായം.<br><br>4. റിസർച്ച് പേപ്പറുകൾ പ്രസിദ്ധീകരിക്കാനുള്ള സാമ്പത്തിക സഹായം.<br><br>5. മികച്ച ഗവേഷകനുള്ള അവാർഡ് |
| (സി) | നിലവിൽ സംസ്ഥാനത്തെ സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ സ്ഥിരം അധ്യാപകരിൽ എത്രപേർ ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ; | (സി) | നിലവിൽ സംസ്ഥാനത്തെ സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ സ്ഥിരം അധ്യാപകരിൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകരുടെ വിവരം യൂണിവേഴ്സിറ്റി തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>കേരള സർവകലാശാല - 139<br>എം.ജി സർവകലാശാല - 979<br>കാലിക്കട്ട് സർവകലാശാല - 885<br>കണ്ണൂർ സർവകലാശാല - 160<br>എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവകലാശാല - 3227<br>കുസാറ്റ്, മലയാളം സർവകലാശാല, നുവാൽസ്, |

| | | | |
|---|---|---|---|
| | | | എസ്.എൻ ഓപ്പൺ യൂണിവേഴ്സിറ്റി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല എന്നിവയുടെ കീഴിൽ അഫിലിയേറ്റഡ് കോളേജുകൾ ഇല്ല. |
| (ഡി) | ഇവരിൽ എത്രപേർക്ക് സീഡ് മണിയോ മറ്റ് സാമ്പത്തിക പിന്തുണയോ നൽകുന്നുണ്ട് എന്ന വിവരം ലഭ്യമാക്കാമോ; | (ഡി) | എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ 231 അദ്ധ്യാപകർക്ക് സീഡി മണി നൽകുന്നുണ്ട്. |
| (ഇ) | നിലവിൽ സംസ്ഥാനത്തെ സർവകലാശാല പഠന വിഭാഗങ്ങളിലെ സ്ഥിരം അധ്യാപകരിൽ എത്രപേർ ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കാമോ; | (ഇ) | നിലവിൽ സംസ്ഥാനത്തെ സർവകലാശാല പഠന വിഭാഗങ്ങളിലെ സ്ഥിരം അധ്യാപകരിൽ ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ വിവരം ചുവടെ ചേർക്കുന്നു<br><br>കേരള സർവകലാശാല - 192<br><br>എം.ജി. സർവകലാശാല - 5<br><br>കുസാറ്റ് - 15<br><br>കാലിക്കട്ട് സർവകലാശാല - 76<br><br>കണ്ണൂർ സർവകലാശാല - 58<br><br>ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാല - 3<br><br>നുവാൽസ് - 1<br><br>എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ പഠന വകുപ്പുകൾ ആരംഭിച്ചിട്ടില്ല. |
| (എഫ്) | ഇവരിൽ എത്രപേർക്ക് സീഡ് മണിയോ മറ്റ് സാമ്പത്തിക പിന്തുണയോ ലഭ്യമാക്കുന്നുണ്ട് എന്ന് അറിയിക്കാമോ? | (എഫ്) | വിശദാംശം ചുവടെ ചേർക്കുന്നു:-<br><br>കേരള സർവകലാശാല - കേരള സർവകലാശാലയിൽ സ്റ്റാർട്ട് അപ് ഗ്രാന്റ് ഫോർ ന്യൂ ടീച്ചേഴ്സ്, സ്റ്റാർട്ട് അപ് ഗ്രാന്റ് ഫോർ റിസർച്ച് ഗൈഡ്സ്, സീഡ് മണി ഫോർ ന്യൂ റിസർച്ച് എന്നീ ഇനങ്ങളിൽ 58 പേർക്ക് സീഡ് മണിയായി സാമ്പത്തിക പിൻതുണ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 39 പേർക്ക് ഗവേഷണ പ്രോജക്ടുകൾക്കുള്ള സാമ്പത്തിക പിൻതുണ ലഭ്യമാക്കിയിട്ടുണ്ട്.<br><br>എം.ജി. സർവകലാശാല -2017 മുതൽ 47 പേർക്ക് സീഡ് മണി നൽകിയിട്ടുണ്ട്. കൂടാതെ സർവകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപകക്ക് DST, SERB, ICSSR, ICMR, CEFIPRA, DoECC, NCPOR, KSCSTE തുടങ്ങിയ വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികൾ ഗവേഷണ പ്രോജക്ടുകൾക്കായി സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | നിലവിൽ , സർവകലാശാല പഠന വകുപ്പുകളിലെ 20 അദ്ധ്യാപകർക്ക് മേൽ പറഞ്ഞ ഏജൻസികൾ സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്.<br><br>കുസാറ്റ് - 2017 -18 മുതൽ 99 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br><br>കാലിക്കറ്റ് സർവകലാശാല - 60 പേർക്ക് സീഡ് മണി നൽകിയിട്ടുണ്ട്<br><br>കണ്ണൂർ സർവകലാശാല - 16 പേർക്ക് സീഡ് മണി നൽകുന്നുണ്ട്.<br><br>ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാല - ഒരാൾക്ക് UGC-FIP പ്രകാരമുള്ള ആനുകൂല്യം ലഭിച്ചിട്ടുണ്ട്.<br><br>നുവാൽസ് - ഗവേഷണത്തിലേർപ്പെടുന്ന അദ്ധ്യാപകന് ഒരു വർഷത്തേയ്ക്ക് ശമ്പളത്തോടുള്ള പഠനാവധി അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ